ലേഖനം നമ്പർ 30

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**പട്ടക്കാർക്കുവേണ്ടിയുള്ള ധൂപപ്രാർത്ഥന :**

"ചാർത്തും നീതിയെ" തുടങ്ങി "മുടികൾ മുടഞ്ഞിട്ടീത്ത കിടും" എന്ന കീർത്തനം വരെയുള്ള ഭാഗം സഭയിലെ എല്ലാ പട്ടക്കാർക്കും മേൽപട്ടക്കാർക്കും വേണ്ടിയുള്ള പ്രാർത്ഥനയാണ്. ഇവിടെ സഭയും, മാതാവും, പരിശുദ്ധന്മാരും ചേർന്ന് പട്ടക്കാരോടുകൂടി ദൈവത്തെ ആരാധിക്കുന്നു.

പെത്ഗോമാ : സങ്കീർത്തനം 132 : 9, 10

"ചാർത്തും നീതിയെ...................... ഞാനുപദേശിച്ചിടുമീസാക്ഷിയെയും ബാറെക്മോർ"

അർത്ഥം - നിന്റെ ആചാര്യന്മാർ നീതിയും നിന്റെ നീതിമാന്മാർ മഹിമയും ധരിക്കും. നിന്റെ പുത്രന്മാർ എന്റെ നിയമത്തെയും, ഞാൻ ഉപദേശിക്കുന്ന സാക്ഷിയെയും അനുസരിക്കുമെങ്കിൽ നിന്റെ ദാസനായ ദാവീദുമൂലം നിന്റെ അഭിഷിക്തന്റെ മുഖം തിരിച്ചുകളയല്ലെ.

എക്ബാ : "ശുചിയോടു ശുദ്ധ്യാ...... (ശു) ..... വസിക്കേണം സ്തൗമേൻ"

അർത്ഥം ശുചിയോടും വിശുദ്ധിയോടും വിശുദ്ധ സ്ഥലം സ്പർശിച്ചിട്ടുള്ള ആ കാലുകൾ സ്വർഗ്ഗീയ ഉദ്യാനത്തിൽ പ്രവേശിച്ച് സ്വർഗ്ഗീയരുടെ കൂടെ ചേർന്ന് വസിക്കുന്നതിന് ഇടയാക്കേണമേ.

കോലോകൾ 1 : "ദൈവം സൃഷ്ടിച്ചാദത്തെ .................. മണ്ണിലുയർച്ചയിലാശ്ചര്യം ബാറെക്മോർ"

അർത്ഥം - ദൈവം ആദാമിനെ തന്നോടു തുല്യനായി സൃഷ്ടിച്ചു. ആ മനുഷ്യൻ തോട്ടത്തിൽ വൃക്ഷങ്ങളുടെ ഇടയിൽ വരുന്നതും അവിടെനിന്നു പോകുന്നതും കാണുവാനുള്ള സന്തോഷം കൊണ്ട് ദൈവം അവനെ സൂക്ഷിച്ചു നോക്കുമ്പോൾ, ഈറയാരായ മാലാഖമാർ മണ്ണിന്റെ ഉയർച്ചയിൽ ആശ്ചര്യം കൂടുന്നു.

"ആദ്യാചാര്യത്വം കൈയ്ക്കൊ........................ വിഭാഗങ്ങൾക്കേകി ശ്ലീഹേന്മാർ............................ മൊറിയോ"

അർത്ഥം - ആചാര്യത്വം ആദിയിൽ അഹറോൻ മോശയോടൊന്നിച്ചു കൈക്കൊണ്ടു. മോശ അതു സ്കറിയാക്കു നൽകി. സ്കറിയാ യോഹന്നാനു നൽകി. യോഹന്നാൻ കർത്താവിനും, കർത്താവു ശിഷ്യന്മാർക്കും, ശിഷ്യന്മാർ എല്ലാ ജാതികൾക്കും നൽകി.

അല്ലെങ്കിൽ

കോലാകൾ 2 : "നിർമ്മല മദ്ബഹായിൽ കർത്ത്യ.............. ദേവാഗാരേ ബാറെക്മോർ"

അർത്ഥം - പരിശുദ്ധ മദ്ബഹായിൽ ദൈവസ്നേഹത്താൽ ശുശ്രൂഷിച്ചവരായ വൈദികരേ സ്വീകരിച്ച് ഈറേന്മാരായ മാലാഖമാർ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുമാറാകേണമേ.

"ഭംഗ്യ ദേവസുതാ.............................. പ്രഭയേകണമെ മൊറിയോ"

അർത്ഥം - ദൈവപുത്രാ നിന്നെ ഭംഗിയായി ശുശ്രൂഷിച്ച വൈദികരെ നിന്റെ വരവിന്റെ വലിയ ദിവസത്തിൽ ഓർക്കുകയും അവർക്കു മുഖപ്രസന്നത നൽകുകയും ചെയ്യണമെ. ''ബോവൂസാ : മുടികൾ മുടഞ്ഞൊട്ടിത്ത കിടും........................ ക്കവചൂടീടും"

അർത്ഥം - കിരീടം ഉണ്ടാക്കി തൊട്ടുതൊട്ട് ബലിപീഠത്തിൽ വച്ചിട്ടുണ്ട്. നിർമ്മലരായി കർമ്മം അനുഷ്ടിക്കുന്ന ആചാര്യന്മാരെ അവ അണിയിക്കും.

അല്ലെങ്കിൽ

"ആചാര്യേശാ മശിഹാ......................നാഥാ സ്തോത്രം"

അർത്ഥം - ആചാര്യന്മാരുടെ കേന്ദ്രമായ മശിഹാ, കൂദാശകൾ അർപ്പിച്ച ആചാര്യന്മാർക്കു പുണ്യം നൽകേണമെ.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit (Kaloor Area) 01-11-15 - 4 pm**
ശ്രീ. ഡോ. ബെന്നി മാത്യു സി.ഐ.,
ചീരൻഹൗസ്, സ്പൈസസ് സ്ട്രീറ്റ്,
ലിസി ഹോസ്പിറ്റൽ സമീപം
Ph: 2401829, Mob: 9961246733

**St. Marys Unit (Central Area) 08-11-15 - 4 pm**
ശ്രീ. ജോർജ്ജ് പോൾ,
എമ്പാശ്ശേരി, 66/1700,
ബാനർജി റോഡ്, കൊച്ചി
Ph: 2354418, Mob: 98470 42612

**St. Thomas Unit (North-Pachalam Area) 15-11-15 - 4 pm**
ശ്രീ. ബാബു എം.സി.,
മണ്ടുംപാൽ ഹൗസ്,
കാണ്ണച്ചൻതോട്, AWRA 76, Opp. HPC
Ph: 2398444, Mob: 93888 65842




Editorial Board : P.T. John, K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 9 ISSUE : 11 NOVEMBER 2015

## എഡിറ്റോറിയൽ

# നുണപറച്ചിലിനെതിരെ - തിരുവെഴുത്തുകൾ

ദൈവം മോശ മുഖാന്തരം യിസ്രായേൽ ജനതയ്ക്കു കൊടുത്ത പത്തു കല്പനകളിൽ ഒന്നാണല്ലൊ കള്ളം പറയരുതെന്നുള്ളത്. ഒരു പക്ഷെ നമുക്കറിയാവുന്ന ആദ്യത്തെ കള്ളം സർപ്പം ഹവ്വയോടെ പറഞ്ഞ "ഈ പഴം തിന്നാൽ നീ ഒരിക്കലും മരിക്കയില്ല" എന്നുള്ളതായിരിക്കും (ഉൽപ 3:4).

"അന്യോന്യം ഭോഷ്ക്കു പറയരുത്. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവർത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു".....(കൊലൊ. 3: 9). ക്രിസ്തുവിന്റെ അനുയായികളെന്നഭിമാനിക്കുന്ന നമ്മുടെ വിശ്വാസം കള്ളം പറയുന്നതു പാപമാണെന്നാണ്. ആരെയും ദ്രോഹിക്കാത്ത കള്ളങ്ങൾ പറയുന്നതിനു ദോഷമില്ലെന്നുള്ള ചിന്തയാണ് മിക്കവർക്കും. ഈ ചിന്ത ഏറ്റവും മോശമായി ബാധിക്കുന്നത് നമ്മുടെ കുഞ്ഞുങ്ങളെയാണ് എന്നോർക്കണം. അവർക്ക് നേരും നുണയും തിരിച്ചറിയുവാനുള്ള കഴിവില്ലാതാകും. കള്ളം പറയുന്നതിനുള്ള പ്രവണതയാണ് നമ്മുടെ കുഞ്ഞുങ്ങൾക്കു ആദ്യമായുണ്ടാകുന്ന പാപത്തിലേക്കുള്ള കവാടം. കുഞ്ഞുങ്ങളായിരിക്കുമ്പോൾ അവർക്ക് ബാക്കിയുള്ളവരെ ബാധിക്കുന്ന കള്ളങ്ങളും, അവർക്ക് ശല്യമുണ്ടാകുന്ന കള്ളങ്ങളുമൊന്നും തിരിച്ചറിയുവാനുള്ള കഴിവുണ്ടാവുകയില്ല. അതുകൊണ്ട് അവരെ പഠിപ്പിക്കേണ്ടത് "കള്ളം പറയാതിരിക്കുക" എന്നതാണ്. ഒരിക്കൽ ഒരു കൊച്ചുകുട്ടി അതിന്റെ അമ്മയോടിങ്ങിനെ ചോദിച്ചു. "അമ്മേ കള്ളം പറയുന്നതാണോ മോഷ്ടിക്കുന്നതാണോ ഏതാണ് കൂടുതൽ ചീത്ത". അമ്മയുടെ ഉത്തരം ഇങ്ങിനെയായിരുന്നു: മോളെ, രണ്ടും ഒരുപോലെ ചീത്തയാണ്. പക്ഷേ കള്ളം പറയുന്നതാണ് കൂടുതൽ ചീത്ത. എന്തെന്നാൽ ഒരു വസ്തു മോഷ്ടിച്ചാൽ നമുക്കത് തിരിച്ചുകൊടുത്ത് ആ പാപത്തിൽനിന്ന് മോചനം നേടാൻ കഴിയും. എന്നാൽ ഒരിക്കൽ പറഞ്ഞുപോയ കള്ളം ഒരിക്കലും തിരിച്ചെടുത്ത് അതിൽനിന്ന് മോചനം പ്രാപിക്കുക സാധ്യമല്ലല്ലോ. പറഞ്ഞുപോയ കള്ളം കള്ളമായി എന്നേക്കും ഇരിക്കയല്ലേ ഉള്ളൂ".

കുഞ്ഞുങ്ങളെ സത്യം പറയുവാൻ പഠിപ്പിക്കുന്നത് വളരെ ആവശ്യമാണ്. നമുക്കതു സാധിച്ചാൽ നമ്മെ അവർ എന്നും ഓർക്കുന്നത് അതിന്റെ പേരിൽ മാത്രമായിരിക്കും. അവർക്കത് വളർന്നുവരുമ്പോൾ മനസ്സമാധാനവും, സന്തോഷവും നൽകും. ആ ദൂത് ഭവനത്തിലും, സമൂഹത്തിലും എത്തുകയും ചെയ്യും.

"സത്യം" ചെരുപ്പിട്ട് യാത്രക്കായി ഒരുങ്ങുമ്പോഴേക്ക് "അസത്യം" ലോകം ചുറ്റി സഞ്ചരിച്ചുകഴിയുമെന്നു പറയാറുണ്ട്. മനുഷ്യർക്ക് കേൾക്കാനിഷ്ടം പലപ്പോഴും സത്യമായിരിക്കയില്ല. അസത്യം കൂട്ടിയുള്ള വിവരണമായിരിക്കും കേൾവിക്കാർക്കിഷ്ടം. അതാണ് ഇപ്പോൾ പത്രമാസികകളിലും, ചാനലുകളിലും കൂടുതൽ ആളുകളെ ആകർഷിക്കുന്നതും. അതുകൊണ്ടാണ് അവർ അർത്ഥസത്യങ്ങൾ എഴുതി ആളുകളെ രസിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നത്. ഒരു സംഭവത്തി ന്റെ വിവരണം കേൾക്കുന്നവർക്ക് അതു സത്യമാണോ, നുണയാണോ എന്നറിയാൻ ഒരു മാർഗ്ഗവുമില്ലാതായി.

*(ശേഷം 2-ാം പേജിൽ)*

## ഇടയ ലേഖനം

# സഹിഷ്ണതയുടെ അനിവാര്യത

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



ഒരു കൂട്ടമാളുകൾക്കു വർജ്ജ്യമായ ആഹാരസാധനം മറ്റാരും ഭക്ഷിക്കാൻ പാടില്ല എന്ന ചിന്തയിൽ നിന്നുൽഭൂതമാകുന്ന അസഹിഷ്ണുത നരഹത്യയിൽ വരെ എത്തിനിൽക്കുന്നത് മനുഷ്യമനസ്സാക്ഷിക്കു മുമ്പിൽ ഒരു ചോദ്യചിഹ്നമാണ്. ഇമ്മാതിരി സംസ്ക്കാര വിശേഷങ്ങളിൽനിന്നു വളർന്നുയർന്നു എന്നു ചിന്തിക്കുന്ന ആധുനിക മനുഷ്യന് ഏറെ ചിന്താക്കുഴപ്പമുണ്ടാക്കുന്ന സംഭവവികാസമാണിത്. എന്തു ഭക്ഷിക്കണം, എന്തു ധരിക്കണം ഇത്യാദി വിഷയങ്ങൾ നിശ്ചയിക്കാൻ ഏതു മനുഷ്യനും അടിസ്ഥാന സ്വാതന്ത്ര്യമുണ്ടെന്ന് ഇക്കാലത്തു കരുതപ്പെടുന്നു. അതിരുവിടാത്ത "ആവിഷ്ക്കാര സ്വാതന്ത്ര്യ"ത്തെയും ഈ ഗണത്തിൽപ്പെടുത്താൻ സാധിക്കും. ഒരുവന്റെ ഭാഷാപരമോ, മതപരമോ, സംസ്ക്കാരപരമോ ആയ പ്രത്യേകതകൾ, മറ്റൊരു ധാരണയിലും വിശ്വാസത്തിലും കഴിഞ്ഞുകൂടുന്ന ആളിന്റെമേൽ അടിച്ചേല്പിക്കാനാകുമോ എന്നത് പ്രസക്തമായ ഒരു ചോദ്യമാണ്.

പഴയനിയമ സംഹിതയിൽ "പരിച്ഛേദനാ" നിയമത്തിന്റെ പശ്ചാത്തലത്തിൽ "പരിച്ഛേദനക്കാർ", "അഗ്രചർമ്മികൾ" എന്ന് പൊതുവെ മനുഷ്യരെ തരംതിരിച്ചിരുന്നതായി തോന്നും. അവിടെയും ഒരു വിശ്വാസപരമായ വേർതിരിവ് എന്നല്ലാതെ, ആരുടെയും മേൽ ഒന്നും അടിച്ചേൽപ്പിക്കാൻ യഹോവ കല്പിച്ചിരുന്നതായി കാണുന്നില്ല. പുതിയനിയമത്തിലാകട്ടെ, ഇത്തരം പ്രമാണങ്ങൾക്കു പുനരാഖ്യാനം കാണുന്നുണ്ട്. "ചുങ്കക്കാരോടും പാപികളോടും" കൂടെ സഹവസിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്ന യേശുക്രിസ്തു പുതിയ ഒരു തത്വശാസ്ത്രം അവതരിപ്പിക്കുകയായിരുന്നു. ശമര്യാക്കാരി സ്ത്രീയുടെ കയ്യിൽനിന്നും വെള്ളം വാങ്ങിക്കുടിക്കുന്നത് യാഥാസ്ഥിത യഹൂദ ദൃഷ്ടിയിൽ നിഷിദ്ധമായിരുന്നു എങ്കിലും യേശുക്രിസ്തു ആ വേലിക്കെട്ടും നീക്കി. പുറജാതികളെ സഭയിലേക്ക് നിബന്ധനകൂടാതെ സ്വീകരിക്കാം എന്നു പഠിപ്പിക്കാൻ പത്രോസിന് "വിലക്കപ്പെട്ടത്" അറുത്തുതിന്നാൻ ആജ്ഞാപിക്കുന്ന ദർശനം ലഭിച്ചു (അപ്പോപ്രവ. 10:11-16).

ആധുനിക കാലത്ത് ജനായത്തഭരണം വന്നതോടെ "മനുഷ്യാവകാശ"മെന്ന ആശയത്തിനു പ്രാബല്യം ലഭിച്ചു. ഞാൻ ചെയ്യുന്നതുപോലെ എല്ലാവരും ചെയ്തിരിക്കണമെന്നും, എന്റെ ചിന്താഗതിപോലെ മാത്രം എല്ലാവരും ചിന്തിക്കണമെന്നും ആരെങ്കിലും പറഞ്ഞാൽ അതിനു വിലയില്ലാതായിട്ടുണ്ട്. "ഞങ്ങൾ കുഴലൂതി, നിങ്ങൾ നൃത്തം വച്ചില്ല; ഞങ്ങൾ വിലാപഗാനം പാടി, നിങ്ങൾ മാറത്തടിച്ചില്ല" എന്ന പഴമൊഴിപോലെ അർത്ഥശൂന്യമാണത്.

ഭാരതംപോലെ ഒരു "ബഹുസ്വര" രാജ്യത്ത് വൈവിദ്ധ്യങ്ങൾ തന്നെയാണെവിടെയും. അത് ഒരു തരത്തിൽ ഒരു ഭംഗിയുമാണ്? ഇത്തരമൊരു സാഹചര്യത്തിൽ സഹിഷ്ണുത കൂടാതെ ജീവിതംതന്നെ അസ്വാരസ്യമാകും. "ഇന്ത്യ എന്ന ആശയം" വളർത്തിയെടുക്കാൻ ശ്രമിച്ച ദേശീയനേതാക്കന്മാർ ഇത്തരം സഹിഷ്ണുതയുടെ വക്താക്കളായിരുന്നു.

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# ഓർത്തഡോക്സ് വിശ്വാസത്തിൽ കന്യകമറിയാമിന്റെ സ്ഥാനം

*(കഴിഞ്ഞലക്കം തുടർച്ച)*

**ഫാ. പി. ഐ. വർഗ്ഗീസ്**



എന്നാൽ 16–ാം നൂറ്റാണ്ടിൽ പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടായ നവീകരണം പ:സഭയുടെ ഈ പുരാതന മനോഭാവത്തെ ചോദ്യംചെയ്തു. അതിന്റെ കാരണം റോമൻ കത്തോലിക്കസഭ യഥാർത്ഥ പാരമ്പര്യം വിട്ട് കന്യകമറിയാമിനെ യേശുക്രിസ്തുവിനോട് ഏതാണ്ട് തുല്യമാക്കുകയും മറിയാമിനെ കേന്ദ്രമാക്കി ഒരുതരം വിഗ്രഹാരാധന പ്രോത്സാഹിപ്പിക്കുകയും ചെയ്തതുകൊണ്ടാണ്.

പ്രധാനമായും രണ്ട് പെരുന്നാളുകളാണ് കന്യകമറിയാമിന്റെ നാമത്തിൽ നാം കൊണ്ടാടുന്നത്. വചനിപ്പ് പെരുന്നാൾ, വാങ്ങിപ്പ് പെരുന്നാൾ എന്നീ മാറാനായ പെരുന്നാളുകളാണവ: ആദ്യത്തേത് രക്ഷകന്റെ ജനനം സംബന്ധിച്ച ആദ്യപ്രഖ്യാപനം കേട്ട മറിയാമിന്റെ ഓർമ്മയും രണ്ടാമത്തേത് വി.മറിയാമിന്റെ മരണത്തിന്റെ അനുസ്മരണവുമാണ്. സെപ്തംബർ 8 വി. മാതാവിന്റെ ജനനപ്പെരുന്നാളായി ചില സ്ഥലങ്ങളിൽ ആചരിക്കുന്നുണ്ട്. കന്യകയുടെ ജനനം മറ്റു മനുഷ്യരുടെ സാധാരണ ജനനത്തിൽനിന്നും യാതൊരു വ്യത്യാസവുമില്ലാത്തതിനാൽ അമലോൽഭവം, സ്വർഗ്ഗാരോഹണം ഇവ രക്ഷയ്ക്ക് ആധാരമായ വിശ്വാസപ്രമാണമായി കത്തോലിക്കസഭ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പൗരസ്ത്യസഭകൾ അംഗീകരിച്ചിട്ടില്ല.

അപ്പോസ്തോലന്മാരേക്കാളും മറ്റ് പരിശുദ്ധന്മാരേക്കാളും ഉന്നത സ്ഥാനമാണ് പ:സഭ മറിയാമിന് നൽകുന്നത്. കാരണം മനുഷ്യനായിത്തീർന്ന ദൈവത്തെ വഹിച്ചയാൾ എന്ന നിലയിൽ തന്റെ സ്ഥാനം അതുല്യമാണ്. തൻമൂലം മറിയാമിന്റെ മദ്ധ്യസ്ഥതയ്ക്ക് പ്രത്യേക പ്രാധാന്യം സഭ നൽകുന്നുണ്ട്. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഒരംഗം എന്ന നിലയിൽ മറിയാമിനുവേണ്ടിയും പരിശുദ്ധന്മാർക്കുവേണ്ടിയും നാം വി:കുർബ്ബാനയിൽ പ്രാർത്ഥിക്കുന്നുണ്ട്. ഏകശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ ഈ മദ്ധ്യസ്ഥതയും പ്രാർത്ഥനയും ശരീരത്തിന്റെ ശ്വാസോച്ഛ്വാസം ആണ്. പ:സഭയിലൂടെ, ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരും ക്രിസ്തുശരീരത്തിന്റെ ജീവനിൽ പങ്കാളികളാകുന്നു. ക്രിസ്തുവിന്റെ മഹത്വം മറ്റുള്ളവരേക്കാൾ കൂടുതൽ അനുഭവിച്ചറിഞ്ഞ ദൈവാനുരൂപികളായി തീർന്നവർ എന്ന നിലയിൽ മറിയാമിനും പരിശുദ്ധന്മാർക്കും സഭ വലിയ ബഹുമതിയാണ് നൽകുന്നത്. കർത്താവിനെ വഹിച്ചതിനാൽ ഒരു സാധാരണ സ്ത്രീയായ മറിയാം അനുഭവിച്ച അത്യുന്നത സ്വർഗ്ഗീയമഹത്വം മനുഷ്യവർഗ്ഗം മുഴുവൻ പ്രാപിക്കണമെന്ന് പ: സഭ നമ്മെ പഠിപ്പിക്കുന്നുതിനാൽ വി:മറിയാം സഭയുടെ പ്രതീകവും മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയുമായി എന്നും നിലകൊള്ളുന്നു.

*(അടുത്ത ലക്കത്തിൽ തുടരും....)*

*(ഇടയലേഖനം തുടർച്ച)*

“നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം” എന്ന കല്പനയുടെ ഉള്ളടക്കമാണിത്. അയൽക്കാരൻ പല കാര്യങ്ങളിലും “വ്യത്യസ്ഥ”നാകാം. അവനെയും, “തന്നെയെന്നപോലെ” സ്നേഹിക്കേണം എന്നാണ് ദൈവകല്പന.

സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും ആത്മാവ് എല്ലാവരെയും ഭരിക്കട്ടെ എന്നു പ്രാർത്ഥിക്കാം. ■

*(എഡിറ്റോറിയൽ തുടർച്ച)*

കോടതികളിലും കള്ളസാക്ഷ്യം പറയുകയെന്നത് ഒരു സാധാരണ സംഭവമായി തുടരുന്നു. നുണ പരിശോധനക്കുള്ള യന്ത്രസംവിധാനങ്ങൾക്ക് കോടികൾ ചിലവാക്കേണ്ടിവരുന്നതും നാം കാണുന്നുണ്ട്.

ഇതിനെല്ലാമുള്ള യഥാർഥ പ്രതിവിധി നമ്മുടെ കുഞ്ഞുങ്ങളെ സത്യം പറയുവാൻ പഠിപ്പിക്കുകയല്ലെ! കള്ളം പറയരുതെന്നു വേദപുസ്തകത്തിലുള്ള വാക്യങ്ങൾ താഴെ കൊടുക്കുന്നു.

ലേവ്യ 19: 11 – “മോഷ്ടിക്കരുത്, ചതിക്കരുത്, ഒരുത്തനോട് ഒരുത്തൻ ഭോഷ്ക്കു പറയരുത്”.

സങ്കീ 119: 163 “ഞാൻ ഭോഷ്ക്കു പകച്ചുവെറുക്കുന്നു”

സദൃശ്യ: 12:22 “വ്യാജമുള്ള അധരങ്ങൾ യഹോവയ്ക്കു വെറുപ്പ്. സത്യം പ്രവർത്തിക്കുന്നവരോ അവന്നു പ്രസാദം”.

എഫേസ്യർ 4:29 –ൽ “കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിനുള്ള ആവശ്യം പോലെ ആത്മീക വർദ്ധനക്കായി നല്ല വാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുത്”.

ദൈവം നമ്മുടെ കൈകളെ മാത്രമല്ല, നമ്മുടെ ഹൃദയങ്ങളേയും കാണുന്നവനാണ്. ■

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

എറണാകുളം അയ്യപ്പൻകാവ് അയ്യംകുളങ്ങര വീട്ടിൽ ശ്രീ. നിതിൻ രാജിന്റെയും ശ്രീമതി ദീപ്തിയുടെയും മകൻ **ജോൺ** (Juan) 24–10–2015 ൽ കത്തീഡ്രലിൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

### വിവാഹം



എറണാകുളം മാമംഗലം തെക്കേക്കര വീട്ടിൽ ശ്രീ. ടി.ഐ. സിമ്രിയുടെയും ശ്രീമതി കെ. സാറാ മാത്യൂസിന്റെയും മകൻ **Geevarghese T. Simry** യും, കോട്ടയം ദീപ്തിനഗർ പുള്ളിപടവിൽ കോട്ടയിൽ വീട്ടിൽ ശ്രീ. ബിജു കെ. കുര്യന്റെയും ശ്രീമതി രത്നം കുര്യന്റെയും മകൾ **സലിത എലിസബത്ത് കുര്യനും** തമ്മിലുള്ള വിവാഹം 25–10–2015 ൽ അഭിവന്ദ്യ ഡോക്ടർ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്തയുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### നിര്യാതരായി



ഇടപ്പള്ളി മണിമലറോഡ് കണ്ടത്തിൽ **കെ.ഇ. ഏബ്രഹാം** (80), 08–10–2015 ൽ നിര്യാതനായി. 10–10–2015 ൽ തിരുവല്ല കവിയൂർ ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.



സെന്റ് വിൻസെന്റ് റോഡ് നെച്ചുപാടത്ത് **ഡോ. സി.സി. കുര്യൻ** (77), 28–10–2015 ൽ നിര്യാതനായി. സംസ്ക്കാരം 01–11–2015 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ



കടവന്ത്ര വികാസ്നഗർ മഴുവഞ്ചേരിപറമ്പത്ത് **ലില്ലി കോരത്** (85), 21–10–2015 ൽ നിര്യാതയായി. 22–10–2015 ൽ ചെറായി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*



PARISH NEWS

# വാർഷിക സെയിൽ 2015

നമ്മുടെ ഇടവകയുടെ ആദ്യഫലപെരുന്നാളും, കുടുംബസംഗമവും ഒക്ടോബർ 11–ാം തീയതി ആചരിച്ചു. രാവിലെ 6.45 ന് ബഹു. വറുഗീസ് അച്ചൻ വി. കുർബ്ബാനയർപ്പിച്ചു. പ്രഭാത ഭക്ഷണത്തിന് ശേഷം ആരംഭിച്ച ലേലത്തിൽ ഇടവകാംഗങ്ങൾ പങ്കെടുത്തു. കാർഷികവിളകൾ, ഇപ്പോൾ സുലഭമല്ലാത്ത നസ്രാണി പലഹാരങ്ങൾ, അലങ്കാരവസ്തുക്കൾ, വളർത്തുമൃഗങ്ങൾ, മുതലായവ ഇടവകാംഗങ്ങൾ പള്ളിയിൽ ലേലത്തിനായി സമർപ്പിച്ചിരുന്നു.












2015 വാർഷിക സെയിലിന്റെ കൂപ്പൺ വില്പനയുടെ ഉദ്ഘാടനം ഒ.വി. ഏലിയാസച്ചന് കൂപ്പൺ നല്കികൊണ്ട് ഒ.ജെ. ജേക്കബച്ചൻ നിർവഹിക്കുന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി വാർഷിക സെയിൽ കൂടുതൽ ഇടവകാംഗങ്ങളെ പങ്കെടുപ്പിച്ച്കൊണ്ട് സെയിൽ ചരിത്രവിജയമാക്കാൻ സഹായിച്ച കൺവീനർ ശ്രീ. തോമസ്പോളിനെ ഒ.ജെ. ജേക്കബച്ചൻ സ്മരണിക നൽകി അഭിന്ദിക്കുന്നു.

## വി. കുർബ്ബാന സമയം

**എളംകുളം ചാപ്പൽ:** Nov. 08 - 07.00 am, Nov. 15 -10.00 am,
Nov. 22 - 07.00 am, Nov. 29 -10.00 am, Dec. 06 -07.00 am

**സെമിത്തേരിമുക്ക് ചാപ്പൽ:** Nov. 15 - 07.30 am, Nov. 29 - 07.30 am
**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

# എളംകുളം ചാപ്പലിൽ ഓർമ്മപ്പെരുന്നാൾ

പരുമല തിരുമേനിയുടെ 113–ാം ഓർമ്മപ്പെരുന്നാൾ എളംകുളം ചാപ്പലിൽ ഒക്ടോബർ 25 ഞായറാഴ്ച ആചരിച്ചു. ബഹു. പി.ഐ. വർഗീസച്ചൻ വി.കുർബാന അർപ്പിച്ചു. വി.കുർബ്ബാനയ്ക്ക്ശേഷം എസ്.എ.റോഡ് കുരിശിൻ തൊട്ടിയിലേക്ക് പ്രദക്ഷിണം നടത്തി. ആശീർവാദം, നേർച്ചവിളമ്പ്, പ്രഭാതഭക്ഷണം എന്നിവയോടെ പെരുന്നാൾ ചടങ്ങുകൾ സമാപിച്ചു.








## Sunday School News

കൊരട്ടി സിയോൻ സെമിനാരിയിൽവച്ചു നടന്ന ഭദ്രാസനതല മത്സരത്തിൽ സമ്മാനാർഹരായവർ:


Cyril Philip Chacko


Abel Varghese Shibu


Mayusha Sara Cheriyan


Nakshathra Benny


Rinta Roy

**സിറിൾ ഫിലിപ്പ് ചാക്കോ** : സീനിയർ തങ്കവാക്യം 1st പ്രൈസ് & ജനറൽ നോളജ് 3rd പ്രൈസ്. **ആബേൽ വർഗീസ് ഷിബു** : സീനിയർ തങ്കവാക്യം 3rd പ്രൈസ്. **മയൂഷ സാറ ചെറിയാൻ, നക്ഷത്ര ബെന്നി, റിന്റ റോയ്** ഗ്രൂപ്പ് സോംഗ് സീനിയർ 2nd പ്രൈസ്.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

## വിശേഷ ദിവസങ്ങൾ

**നവംബർ**

| | |
|---|---|
| 1 ഞായർ | കൂദോശ് ഈത്തോ |
| 2 തിങ്കൾ | പ. പരുമല തിരുമേനിയുടെ ഓർമ്മ |
| 8 ഞായർ | ഹൂദോസ് ഈത്തോ പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം) |
| 15 ഞായർ | സക്കറിയയോടുള്ള അറിയിപ്പ് |
| 22 ഞായർ | വി. ദൈവമാതാവിനോടുള്ള അറിയിപ്പ് |
| 29 ഞായർ | എലിസബേത്തിന്റെ അടുക്കലേക്ക് മറിയമിന്റെ യാത്ര |

**ഡിസംബർ**

| | |
|---|---|
| 1 ചൊവ്വ | ഇരുപത്തിയഞ്ചു നോമ്പാരംഭം |